ആശ്രയ ട്രസ്റ്റിന്റെ ഓഫീസിനു സമീപത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ

20(2058) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കാൻസർ സെന്ററിലെ രോഗികളെ പരിചരിക്കുന്ന ആശ്രയ ട്രസ്റ്റിന്റെ ഓഫീസിനു സമീപത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കത്ത് ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. എസ്റ്റിമേറ്റ് തുക ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഏറനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

21(2059) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം ആദിവാസി കോളനികളെയാണ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വൈദ്യുതീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; ഏതെല്ലാം ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഏറനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഏറനാട് മണ്ഡലത്തിലെ കൊട്ടമുഴ, നെല്ലിയാമ്പതി, കറിരി, ചെക്കുന്നത്ത് അംബേദ്ക്കർ, കലക്കപ്പാറ, ഓടണ്ണപ്പാറ, പാലക്കയം വെണ്ണേക്കോട്, പ്ലാക്കൽചൊല, കണ്ടിലിപ്പാറ, നായാടംപൊയിൽ, മേലേമങ്ങാട്, വെങ്ങാട് തുടങ്ങിയ 12 ആദിവാസി കോളനികളാണ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വൈദ്യുതീകരിച്ചിട്ടുള്ളത്. മൈലാടി ആദിവാസി കോളനി വൈദ്യുതീകരിക്കാനുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

GPM. 2/243/2020-13

LIBRARY ARCHIVES Kerala Legislative Assembly